**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1239** **01-02-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിലുള്ള റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയായ റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയായ റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ നിർമ്മാണത്തിന് അനുമതി ലഭിച്ച, നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന റോഡുകളുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ആലത്തൂർ നിയോജകമണ്ഡലത്തിൽ ബി. എം & ബി. സി നിലവാരത്തിൽ നിർമ്മാണത്തിന് അനുമതി ലഭിച്ച മൂന്ന് റോഡ് പ്രവൃത്തികളാണുള്ളത്. പ്രസ്തുത റോഡ് പ്രവൃത്തികളുടെ നിലവിലെ വിവരം താഴെ ചേർക്കുന്നു.<br><br>1) <u>കണ്ണാടി പന്നിക്കോട് റോഡ്</u> പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 01.11.2016 ൽ 10 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതിയും കിഫ്ബിയിൽനിന്ന് 24.09 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി **60** ലക്ഷം രൂപ സാമ്പത്തികാനുമതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് **21.82** ആർ ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന്റെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. 08/03/2022 – ൽ 6(1) നോട്ടിഫിക്കേഷൻ ലഭിച്ചു. അലെയ്ൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 27.01 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി. സ്ഥലത്ത് അതിർത്തി കല്ലിടുന്നതിനുള്ള സർവ്വേ ജോലികളും റവന്യൂ വകുപ്പിന്റെ നിലവിലുള്ള അതിർത്തി നിർണയവും പൂർത്തിയായി. SIA പഠനം പൂർത്തിയാക്കി കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തി കിഫ്ബിയുടെ ഡെഫേർഡ് വർക്കുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.<br><br>2) <u>മലയോര ഹൈവേ</u> - മലയോര ഹൈവേയിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് വടക്കാഞ്ചേരി റോഡിന് (നെന്മാറ ബൈപ്പാസ് മുതൽ തങ്കം ജംഗ്ഷൻ - ചെയിനേജ് 113/150 മുതൽ |

| | | | |
|---|---|---|---|
| | | | 128/375) 75.83 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിരുന്നു. പ്രസ്തുത റോഡിന് ഫ്രീസറണ്ടർ മുഖാന്തിരം ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് TS എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.<br><br>3) കുന്നങ്കാട് - കൊന്നക്കൽകടവ് റോഡ്<br><br>പ്രവൃത്തി കി. മീ. 0/000 മുതൽ 6/000 വരെ സ. ഉ. (സാധാ) നമ്പർ 1388/2023/പൊ.മ.വ. തീയതി 25/10/2023 അനുസരിച്ച് ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ നിർമ്മാണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

(എ) അനുബന്ധം

| ആലത്തൂർ നിയോജകമണ്ഡലത്തിലെ ബിഎം & ബിസി നിലവാരത്തിലുള്ള റോഡുകളുടെ പട്ടിക | | |
|---|---|---|
| ക്രമ നമ്പർ | റോഡിന്റെ പേര് | ദൈർഘ്യം |
| 1 | കുഴൽമന്ദം - മങ്കര റോഡ് കിമീ 0/000 മുതൽ 1/000 വരെ | 1/000 |
| 2 | വടക്കഞ്ചേരി-കിഴക്കഞ്ചേരി റോഡ് കിമീ 1/500 മുതൽ 3/000 വരെ | 1/500 |
| 3 | മുടപ്പല്ലൂർ - ചക്കന്തറ - ചല്ലുപടി റോഡ് കിമീ 0/000 മുതൽ 2/000 വരെ. | 2/000 |
| 4 | അനക്കപ്പാറ മുടപ്പല്ലൂർ റോഡ് 2/000 മുതൽ 4/000 വരെ | 2/000 |
| 5 | കനിശ്ശേരി ബൈപാസ് റോഡ് കിമീ 0/000 - 2/300 | 2/300 |
| 6 | കുഴൽമന്ദം ബസാർ റോഡ് കിമീ 0/000 മുതൽ 3/400 വരെ | 3/400 |
| 7 | കളവൻമൊക്ക്-കത്തന്നൂർ കി.മീ 0/00 മുതൽ 3/500 വരെ | 3/500 |
| 8 | കോട്ടേകുളം - നെന്മാറ റോഡ് കിമീ 0/000 മുതൽ 4/000 വരെ. | 4/000 |
| 9 | ആലത്തൂർ - മരുതംതടം റോഡ് കിമീ 0/000 മുതൽ 5/000 വരെ | 5/000 |
| 10 | ആലത്തൂർ ബസാർ റോഡ് കി.മീ 0/000 മുതൽ 5/100 വരെ | 5/100 |
| 11 | കുഴൽമന്ദം -കൊട്ടുവായൂർ റോഡ് കിമീ 0/000 to5/600 | 5/600 |
| 12 | തൃപ്പാളൂർ - ചിറ്റിലഞ്ചേരി റോഡിൽ കിമീ 0/000 മുതൽ 6/000 വരെ | 6/000 |
| 13 | കനിശ്ശേരി - വല്ലങ്ങി റോഡ് കിമീ 0/000 മുതൽ 6/460 വരെ. | 6/460 |
| 14 | കൊട്ടുവായൂർ - തൃപ്പാളൂർ റോഡ് കിമീ 4/000 മുതൽ 10/000 വരെയും 10/500 മുതൽ 13/800 വരെയും | 9/040 |
| 15 | മുടപ്പല്ലൂർ - മംഗലംഡാം റോഡ് കിമീ 0/000 മുതൽ 9/432 വരെ | 9/432 |
| 16 | വടക്കഞ്ചേരി - പൊള്ളാച്ചി റോഡ് കിമീ 2/000 മുതൽ 12/000 വരെ. | 10/000 |
| | ആകെ | 76.332 km |